**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3225      25.06.2012-ൽ മറുപടിയ്ക്ക്

## നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതും നടപ്പിലാക്കാൻ കഴിയാതെ വന്നതുമായ പദ്ധതികളുടെ വിശദാംശം

| | ചോദ്യം<br>ശ്രീ. പി.കെ ഗുരുദാസൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | സർക്കാർ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതിൽ ഇതിനകം നടപ്പിലാക്കാൻ കഴിയാതെ വന്ന പദ്ധതികൾ ഏതൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്താമോ; | (എ) സർക്കാർ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വിവരാവകാശ അപേക്ഷാ ഫീസ് മണിഓർഡറായി സ്വീകരിക്കും, കൊല്ലം, തൃശ്ശൂർ നഗരസഭകളിൽ വികസന അതോറിറ്റികൾ, കോഴിക്കോട് വികസന അതോറിറ്റി, സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി.ക്ക്, ഉന്നത സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി, വിപുലമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്നിവയാണ് ഇതിനോടകം നടപ്പിലാക്കാൻ കഴിയാതെ വന്ന പദ്ധതികൾ. |
| (ബി) | മുൻ സർക്കാർ തുടക്കം കുറിച്ചതും ഇപ്പോൾ പൂർത്തിയാക്കിയതുമായ നൂറുദിന പരിപാടിയിലെ ഇനങ്ങൾ ഏതൊക്കെയായിരുന്നു; വിശദമാക്കുമോ? | (ബി) സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം തലസ്ഥാന നഗര വികസന പദ്ധതികൾ എന്നിവയാണ് മുൻ സർക്കാർ തുടക്കം കുറിച്ചതും നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതുമായ പദ്ധതികൾ. ഇതിൽ സ്മാർട്ട്സിറ്റി, കൊച്ചി മെട്രോ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് തുടക്കം കുറിച്ചത്. |

**സെക്ഷൻ ഓഫീസർ**